പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ഇന്ദിര ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1394 — 15.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>,, സി.പി.മുഹമ്മദ്<br>,, വി.പി.സജീന്ദ്രൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഇന്ദിര ആവാസ് യോജന അനുസരിച്ച് വീട് നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് ഐ.എ.വൈ. പദ്ധതി അനുസരിച്ചുള്ള വീടുകൾ നിർമ്മിച്ച് വരുന്നുണ്ട്. 2,45,619 വീടുകളുടെ പ്രവൃത്തി ആരംഭിക്കുകയും, 1,66,329 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ഗ്രാമീണ മേഖലയിൽ ഭവനരഹിതരായിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ച് നൽകുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന മൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി യൂണിറ്റ് കോസ്റ്റ് പട്ടികജാതി വിഭാഗങ്ങൾക്ക് 3 ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.50 ലക്ഷമായും പൊതുവിഭാഗങ്ങൾക്ക് വേണ്ടി 2 ലക്ഷമായും ഉയർത്തുകയുണ്ടായി.<br>2. വീടുകളുടെ തറ വിസ്തീർണ്ണം 20-25 ചതുരശ്രമീറ്റർ എന്നുള്ളത് 66 ചതുരശ്രമീറ്റർ ആയി ഉയർത്തുകയുണ്ടായി.<br>3. ഗുണഭോക്താക്കൾക്ക് ധനസഹായം തങ്ങളുടെ അക്കൗണ്ടിൽ കമ്പ്യൂട്ടർ സംവിധാനം |

| | | | |
|---|---|---|---|
| | | | വഴി സംസ്ഥാന തലത്തിൽ നിന്ന് നേരിട്ട് നൽകുന്നതിനുള്ള പബ്ലിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) നടപ്പിലാക്കുക യുണ്ടായി.<br><br>4. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യവും അർഹതാധിഷ്ഠിതവുമാക്കുന്നതിനു വേണ്ടി അടുത്ത സാമ്പത്തിക വർഷം മുതൽ ഐ.എ.വൈ. പദ്ധതികളുടെ ഗുണഭോക്താക്കളെ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഭവനരഹിതരുടെ പട്ടികയുടെ അടിസ്ഥാനത്തിൽ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ